"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാരുടെ കോമ്പൻസേഷൻ അവധി - 24.08.2023 ലെ ജി ഒ (എം എസ്) നം 231/2023/ആ.കു.വ ഉത്തരവിന്റെ ആനുകൂല്യം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) കുപ്പ്**

സ.ഉ.(കൈ) നം.6/2024/AYUSH തീയതി,തിരുവനന്തപുരം, 15-02-2024

---

പരാമർശം:-

1. 15.12.1982 ലെ സ.ഉ (എം എസ്) നം 303/82/HD
2. 17.025.2023 ലെ സ.ഉ(എം എസ്) നം 43/2021/ആ.കു.വ
3. 07.10.2022 ലെ സ.ഉ (പി) നം 123/2022/ധന
4. 24.08.2023 ലെ സ.ഉ (എം എസ്) നം 231/2023/ആകു.വ
5. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 22.01.2024 ലെ ഇ1/80/2023/ഡിഎംഇ നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) (2) എന്നിവ പ്രകാരം ആരോഗ്യവകുപ്പിലെ വിവിധ വിഭാഗം ജീവനക്കാർക്ക് അനുവദിച്ചിരുന്ന കോമ്പൻസേഷൻ അവധി പരാമർശം (3) ഉത്തരവ് പ്രകാരം കെ എസ് ആർ ൽ ഭേദഗതി വരുത്തിയതിനെ തുടർന്ന്, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ഗസറ്റഡ് ഓഫീസർമാർക്ക് കോമ്പൻസേഷൻ അവധി അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും, പരാമർശം (4) ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിൽ ആയത് പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവായിരുവെന്നും ആയതിനാൽ സമാന ജോലി സാഹചര്യം നിലനിൽക്കുന്ന ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകപ്പിലും കോംപൻസേറ്ററി ലീവ് മുൻപ് ഉണ്ടായിരുന്നതു പോലെ പുനഃസ്ഥാപിക്കേണ്ടതാണെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യവകുപ്പ് ഒരു അവശ്യ സേവന വകുപ്പാണെന്ന പ്രത്യേകത കണക്കിലെടുത്ത്, ആരോഗ്യ കുടുംബക്ഷേമവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ ഒഴികെ ഓഫീസ് തലവൻമാർ, ഗസറ്റഡ് ജീവനക്കാർ എന്നീ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രി ജീവനക്കാർക്ക്/ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, Appendix VII, Section III (vii) ൽ ഇളവ് നൽകി അവർ 07.10.2022 ന് മുൻപ് അനുഭവിച്ചുകൊണ്ടിരുന്ന കോമ്പൻസേഷൻ അവധി ആനുകൂല്യം തുടർന്നും അനുവദിച്ച് പുറപ്പെടുവിച്ച പരാമർശം (4) സർക്കാർ ഉത്തരവ് ആയുർവേദ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും ബാധകമാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് ( RULES-B1/26/2023-FIN (E: 2408306) dated 05.01.2024)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 16-02-2024 10:59:45

പകർപ്പ് - ബഹു. ആയുഷ് വകുപ്പ് മന്ത്രിയുടെ പി എസിന്